## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.4196

16.12.2014-ൽ മറുപടിയ്ക്ക്

## മലബാർ സിമന്റ്സ് വിപുലീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മലബാർ സിമന്റ്സിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | **(എ)യും (ബി)യും**<br>മലബാർ സിമന്റ്സ് ലിമിറ്റഡിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിപുലീകരണ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ; | (സി) സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തനം നിറുത്തിവെച്ച പ്ലാന്റിലെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, വാഗൺ ടിപ്ളർ സിസ്റ്റം സ്ഥാപിക്കുന്നതിനും, സിമന്റ് പാക്കിംഗ് പ്ലാന്റിന്റെ വൈവിധ്യവൽക്കരണത്തിനും, നവീകരണത്തിനും ആവശ്യമായ തുക കമ്പനിയുടെ സർപ്ലസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് ബൾക്ക് സിമന്റ് യൂണിറ്റ് പദ്ധതി തുടങ്ങുവാനുള്ള സാമ്പത്തിക നിക്ഷേപം കെ.വാറ്റ് ടാക്സ് വായ്പയായും, പോരാത്തതിന് ആവശ്യം വരികയാണെങ്കിൽ ബാങ്കിൽ നിന്നും വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. തിരിച്ചടവ് ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 5 വർഷം കഴിഞ്ഞ് തുടങ്ങിയാൽ മതി. തിരിച്ചടവ് 60 തുല്യ ഗഡുക്കളായി അടച്ചുതീർക്കണം. |

**(ഡി)** പുതിയ പദ്ധതി നടപ്പാക്കുമ്പോൾ കമ്പനിക്ക് ഉണ്ടാകുന്ന മെച്ചം എന്താണ്?

**(ഡി)** ബൾക്ക് സിമന്റ് യൂണിറ്റ് പദ്ധതിയിലൂടെ സിമന്റ് വിതരണം വർദ്ധിപ്പിക്കുവാനും, കമ്പനിക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി ചുരുങ്ങിയ ചിലവിൽ വാളയാറിലും, ചേർത്തലയിലും എത്തിക്കുവാനും സാധിക്കും. മലബാർ സിമന്റ്സ് ലിമിറ്റഡ് നിലവിൽ സംസ്ഥാനത്തിനാവശ്യമായ സിമന്റിന്റെ 8% മാത്രമെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുള്ളൂ. ബാക്കി 92%ഉം അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. മലബാർ സിമന്റ്സ് കേരള സംസ്ഥാനത്ത് 25% മാർക്കറ്റ് ഷെയറായി ഉയർത്തി പ്രധാന കണ്ണിയായി പ്രവർത്തിക്കുവാൻ മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കമ്പനി താഴെ പറയുന്ന തരത്തിലുള്ള വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.

1. വാളയാർ പ്ലാന്റിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപൊതുമേഖലാ സ്ഥാപനമായ സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ന്യൂഡൽഹിയിലെ പ്രവർത്തനം നിർത്തിവച്ച പ്ലാന്റിലെ യന്ത്രോപകരണങ്ങൾ വിലക്ക് വാങ്ങി വാളയാർ പ്ലാന്റിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഇതിന്റെ ചെലവ് കണക്കാക്കി വരുന്നു.

2. മലബാർ സിമന്റ്സിന് ആവശ്യമുള്ള അസംസ്കൃത പദാർത്ഥങ്ങൾ റയിൽവേ വാഗണിൽനിന്നും ഇറക്കുന്നതിന് വാഗൺ ടിപ്പ്ളർ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏകദേശം 8 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

3. സിമന്റ് പാക്കിംഗ് പ്ലാന്റിന്റെ വൈവിദ്ധ്യവൽക്കരണവും നവീകരണവും നടപ്പിലാക്കുന്നു. ഇതിന് ഏകദേശം 9 കോടി ചെലവ് പ്രതീക്ഷിക്കുന്നു.

4.Pollution Control Norms അടിസ്ഥാനമാക്കി പുതിയ പ്ലാസ്റ്റിക്ക് വേസ്റ്റ് ഹാന്റ് ലിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഇതിന്റെ ചെലവ് കണക്കാക്കിവരുന്നു.

5. കമ്പനിയിലെ വാളയാർ പ്ലാന്റിൽ വിവിധ അന്തരീക്ഷ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ നവീകരണവും, വൈവിദ്ധ്യവൽക്കരണവും നടപ്പിലാക്കുന്ന പദ്ധതി. ചെലവ് കണക്കാക്കിവരുന്നു.

6. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ബൾക്ക് സിമന്റ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി. ഈ പദ്ധതിക്ക് ഏകദേശം 160 കോടി രൂപ മുതൽ മുടക്ക് ആവശ്യമുണ്ട്.

[signature]

സെക്ഷൻ ഓഫീസർ